# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2156 — 13/06/2019-ൽ മറുപടിയ്ക്ക്

# ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിവയുടെ പ്രവർത്തനം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിയ്ക്കുന്ന വിധത്തിൽ കാര്യക്ഷമമായിട്ടാണോ നടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വനിത ശിശു വികസന വകുപ്പിന് കീഴിൽ 15 ചിൽഡ്രൻസ് ഹോമുകളും 9 ഒബ്സർവേഷൻ ഹോമുകളും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് മെയിന്റനൻസ് ഗ്രാന്റായി ഒരു കുട്ടിയ്ക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ നൽകി വരുന്നു. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്റർ, ട്യൂഷൻ ടീച്ചർ, കലാ-കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് അദ്ധ്യാപകർ, കുട്ടികളുടെ മാനസിക നിലവാരം മെച്ചപ്പെടുത്തുന്നതിന് കൗൺസലർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ലൈബ്രറി, സ്റ്റഡി റൂം, റിക്രിയേഷൻ റൂം, സിക്ക് റൂം സൗകര്യങ്ങൾ എന്നിവയും മാനസികോല്ലാസത്തിനായി ലഘു ഉല്ലാസയാത്ര, വാർഷിക വിനോദയാത്ര എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.<br>ഒബ്സർവേഷൻ ഹോമുകളിലെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി കൗൺസലർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനവും നൽകി വരുന്നു. കൂടാതെ സ്ഥാപനത്തിലെ കുട്ടികൾക്ക് വിവിധ |

→

തൊഴിലധിഷ്ഠിത മേഖലകളിൽ പരിശീലനവും നൽകി വരുന്നു.

(ബി) കുറ്റവാസനയുള്ള കുട്ടികളെ പാർപ്പിച്ചിരിക്കുന്ന ഒബ്സർവേഷൻ ഹോമും ചിൽഡ്രൻസ് ഹോമും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതുമൂലം കുട്ടികളുടെ സഹവാസം മൂലം ചിൽഡ്രൻസ് ഹോമിലെ കുട്ടികളിലും കുറ്റവാസന ഉണ്ടാകുന്നതിനുള്ള സാധ്യതയെക്കുറിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ ഒരു ജില്ലയിലും ചിൽഡ്രൻസ് ഹോമും, ഒബ്സർവേഷൻ ഹോമും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നില്ല.

(സി) ഒബ്സർവേഷൻ ഹോമിലെ കുട്ടികളെ നിശ്ചിത കാലാവധിക്കുശേഷം വീട്ടുകാർ തിരിച്ച് കൊണ്ടു പോകാത്തതുമൂലം ചിൽഡ്രൻസ് ഹോമിൽ താമസിപ്പിക്കേണ്ടതായി വരുന്ന സാഹചര്യം നിലവിലുണ്ടോ; ഇപ്രകാരം താമസിപ്പിച്ചതുമൂലം അനിഷ്ടസംഭവങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒബ്സർവേഷൻ ഹോമിലെ കുട്ടികളെ നിശ്ചിത കാലാവധിക്കുശേഷം വീട്ടുകാർ തിരിച്ച് കൊണ്ടു പോകാത്തതുമൂലം ചിൽഡ്രൻസ് ഹോമിൽ താമസിപ്പിക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. എന്നാൽ ഇതുകാരണം അനിഷ്ട സംഭവങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(ഡി) ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(ഡി) വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ. സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപന സൂപ്രണ്ടുമാർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് ഐ.സി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ തുക അനുവദിച്ച് വരുന്നു.

ജീവനക്കാർ കുറവുള്ള ജെ.ജെ. സ്ഥാപനങ്ങളിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഐ.സി.പി.എസ്. ഗൈഡ് ലൈൻ പ്രകാരം എല്ലാ ജെ.ജെ. സ്ഥാപനങ്ങളിലും കൗൺസലർമാരെ നിയോഗിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം

മെച്ചപ്പെടുത്തുന്നതിനായി പാർട്ട് ടൈം എഡ്യുക്കേറ്റർ, ട്യൂഷൻ ടീച്ചർമാർ എന്നിവരെയും കലാ-കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിന് ഇൻസ്ട്രക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**